# മുസ്‌ലിംസ്ത്രീകളുടെ പള്ളിപ്രവേശം
## ചരിത്രപ്രധാനമായ വിധി

**തൃശൂർ ജില്ലയിലെ കരുവന്നൂർ മഹല്ല് ജമാഅത്ത് പള്ളി സ്ത്രീപുരുഷഭേദമില്ലാതെ എല്ലാ മുസ്‌ലിം വിശ്വാസികൾക്കും പ്രാർഥന നടത്താവുന്ന പള്ളിയാണെന്ന് എറണാകുളം വഖ്ഫ് ട്രൈബ്യൂണലിലെ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് ജഡ്ജി ഗ്രേസിക്കുട്ടി ജേക്കബ് വിധിച്ചു.**
**കരുവന്നൂർ സ്വദേശി കോറോത്ത് വീട്ടിൽ പരേതനായ അബ്ദുസ്സലാം മൗലവിയുടെ ഭാര്യ റുഖിയ ഉൾപ്പെടെ 12 പേർ മഹല്ല് ഭാരവാഹികളെയും ഖത്വീബിനെയും പ്രതിയാക്കി നൽകിയ അന്യായത്തിലാണ് വിധി. കരുവന്നൂർ മഹല്ല് ജമാഅത്ത് പ്രസിഡന്റ്, സെക്രട്ടറി, ഖത്വീബ് എന്നിവരെയും അവരുടെ ആളുകളെയും അന്യായക്കാർ പള്ളിയിൽ പ്രവേശിക്കുമ്പോൾ തടയുന്നത് കോടതി വിലക്കി. അന്യായക്കാരെ പള്ളിപ്രവേശനത്തിൽനിന്ന് ആരെങ്കിലും തടയുകയാണെങ്കിൽ അവർക്ക് സംരക്ഷണം നൽകാനും സ്ത്രീകൾക്ക് പള്ളിയിലെ പ്രാർഥനകൾക്ക് മതിയായ സൗകര്യങ്ങൾ മൂന്നു മാസത്തിനകം ഏർപ്പെടുത്താനും മഹല്ല് ഭാരവാഹികളോട് കോടതി നിർദേശിച്ചു. സൗകര്യങ്ങൾ ഏർപ്പെടുത്താത്തപക്ഷം കോടതിയുടെ സഹായം അന്യായക്കാർക്ക് തേടാവുന്നതാണ്. അന്യായക്കാർക്കുവേണ്ടി അഭിഭാഷകരായ പി.എം ജവഹർലാൽ, കെ.പി മജീദ് എന്നിവർ ഹാജരായി.**
**വിധിന്യായത്തിന്റെ സംഗ്രഹം ചുവടെ:**

**കരുവന്നൂർ** സ്വദേശി കോറോത്ത് വീട്ടിൽ പരേതനായ അബ്ദുസ്സലാം മൗലവിയുടെ ഭാര്യ റുഖിയ്യ ഉൾപ്പെടെ പന്ത്രണ്ട് പേരാണ് (മറ്റുള്ളവർ: റജുല, സുലൈഖ, സാജിദ, ജുമൈല, സ്വഫിയ്യ, സൗദ, മുനീറ, ഫാത്വിമ, സുബൈദ, സീനത്ത്, സുഹ്റ) ഹരജി സമർപ്പിച്ചിരിക്കുന്നത്. ഇവരും ഇവരുടെ കുടുംബാംഗങ്ങളും കരുവന്നൂർ മഹല്ല് ജമാഅത്തിലെ സ്ഥിരം താമസക്കാരാണ്. ഹരജിക്കാർ എല്ലാവരും ഇസ്‌ലാമിന്റെയും വിശുദ്ധ ഖുർആന്റെയും അധ്യാപനങ്ങൾ കണിശമായി പാലിക്കുന്നവരും മുസ്‌ലിം സ്ത്രീകളുടെ ഉന്നമനത്തിനായുള്ള സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കാളികളുമാണ്. മഹല്ല്കമ്മിറ്റി പ്രസിഡന്റും ഖത്വീബും ഉൾപ്പെടെയുള്ള എതിർകക്ഷികൾ ഇവരെ പള്ളിയിൽ പ്രവേശിപ്പിക്കാനോ അവർക്ക് പള്ളിയിൽ നമസ്കാരത്തിന് സൗകര്യം ചെയ്തുകൊടുക്കാനോ തയാറല്ല. ഹരജിക്കാരുടെ ഭർത്താക്കന്മാർക്ക് തങ്ങളുടെ ഭാര്യമാർ പള്ളിയിൽ പോകുന്നതിന് വിരോധമില്ല. ആ നിലക്ക് തങ്ങളെ പള്ളിയിൽ പ്രവേശിപ്പിക്കാൻ അനുവദിക്കാത്തത് നിയമവിരുദ്ധവും പ്രവാചകന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധവുമാണെന്ന് ഹരജിക്കാർ വാദിക്കുന്നു. ഇവരെ പള്ളിയിൽ പ്രവേശിപ്പിക്കാൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്ന് അപേക്ഷിച്ച് 10.08.2002-ന് ഒരു വക്കീൽ നോട്ടീസ് അയച്ചിരുന്നു. പക്ഷേ, മഹല്ലിലെ ചിലരുടെ യാഥാസ്ഥിതികവീക്ഷണം സ്വീകരിച്ചുകൊണ്ട് ഈ അപേക്ഷ എതിർഭാഗം നിരസിച്ചു. സാധൂകരിക്കാനാവാത്ത വാദമുഖങ്ങളുമായി ഒരു മറുപടി അയക്കുകയാണ് അവർ ചെയ്തത്. അതിനാൽ അന്യായം ഫയൽ ചെയ്തു. 6.9.2002-ന് പള്ളിയിലേക്ക് കടക്കാനായി ഹരജിക്കാർ പള്ളി കോമ്പൗണ്ടിലെത്തി. ഒന്നു മുതൽ മൂന്ന് വരെയുള്ള എതിർകക്ഷികൾ ഹരജിക്കാരെ തടയുകയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു.

എതിർഭാഗം ഒരു പ്രസ്താവന എഴുതി സമർപ്പിക്കുകയുണ്ടായി. അതിൽ ഇപ്രകാരം പറയുന്നു: വളരെ പഴക്കമുള്ളതാണ് കരുവന്നൂർ മഹല്ല് ജമാഅത്ത് പള്ളി. അവിടെ സ്ത്രീകളെ നമസ്കരിക്കാൻ അനുവദിക്കാറില്ല. നമസ്കരിക്കാനായി പള്ളിക്കകത്തേക്ക് വരാൻ സ്ത്രീകളെ അനുവദിക്കരുതെന്ന് മഹല്ല് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. പള്ളിക്കകത്ത് നാനൂറിലേറെ പേരെ ഉൾക്കൊള്ളാൻ സൗകര്യമില്ല. മഹല്ലിലെ പുരുഷ അംഗസംഖ്യ നാനൂറിൽ അധികമാണ്. അതിനാൽ സ്ത്രീകൾക്ക് പള്ളിയുടെ ഉള്ളിൽ സൗകര്യം ചെയ്യുക അസാധ്യമാണ്. നിയമാവലിയിലും സ്ത്രീകളെ പള്ളിയിൽ പ്രാർഥന നടത്താൻ അനുവദിക്കരുതെന്ന് പറഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു കേസ് ഫയൽ ചെയ്യാൻ ഹരജിക്കാർക്ക് അവകാശമില്ല. അതിന് നിയമസാധുതയുമില്ല. മുസ്‌ലിംസമൂഹത്തിൽ നിലനിൽക്കുന്ന നിയമങ്ങൾ പലതും സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെയല്ല. അനന്തരാവകാശ നിയമത്തിൽ, സ്ത്രീക്ക് അനന്തരം കിട്ടുക പുരുഷന് കിട്ടിയതിന്റെ പകുതിയായിരിക്കും. ഇതൊരു മതപ്രശ്നമാണ്; ഇതിനെ സിവിൽ വ്യവഹാരകേസിനുള്ള വിഷയമാക്കിക്കൂടാ. പള്ളിനിയമാവലി പ്രകാരം, സ്ത്രീകൾക്ക് പള്ളിപ്രവേശത്തിനുള്ള സൗകര്യമൊരുക്കുകയെന്നത് പള്ളിക്കമ്മിറ്റിയെ സംബന്ധിച്ചേടത്തോളം അസാധ്യമായിത്തീരുകയും ചെയ്തിരിക്കുന്നു.

ഇരു വിഭാഗങ്ങളുടെയും വാദങ്ങൾ കേട്ട ശേഷം, ശരീഅത്ത് സ്ത്രീകൾക്ക് പള്ളിയിൽ പ്രവേശിക്കാനും പ്രാർഥന നടത്താനും അനുവാദം നൽകുന്നുണ്ടോ, ഹരജിക്കാർ അതിന് അർഹരാണോ എന്നീ കാര്യങ്ങൾ കേസിന്റെ

പരിധിയിൽ ഉൾപ്പെടുത്തുന്നതാണ് ഉചിതം എന്ന് ഞാൻ മനസ്സിലാക്കി.

ഇസ്‌ലാമിക നിയമത്തിന് നാല് അടിസ്ഥാനങ്ങളാണുള്ളത്: ഖുർആൻ, ഹദീസ്, ഇജ്മാഅ്, ഖിയാസ്. ഖുർആനിൽ വ്യക്തമായി പറഞ്ഞ ഒരു കാര്യം തിരുത്താൻ ഒരാൾക്കും അവകാശമില്ല. ആധികാരികതയിൽ രണ്ടാം സ്ഥാനത്താണ് ഹദീസ് അഥവാ നബിചര്യ. പ്രവാചകന്റെ കൽപനാ നിരോധങ്ങളും പ്രവൃത്തികളും അനുവാദങ്ങളുമാണ് സുന്നത്ത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. വിശുദ്ധ ഖുർആനിലെ *അന്നിസാഅ്* അധ്യായം 59, *അന്നൂർ* അധ്യായം 54, *അഹ്സാബ്* അധ്യായം 36 എന്നീ സൂക്തങ്ങൾ പ്രകാരം, പ്രവാചകൻ ഒരുവിധി പുറപ്പെടുവിച്ചാൽ അത് അനുസരിക്കുകയല്ലാതെ വിശ്വാസിക്ക് - അയാൾ എത്രതന്നെ ഭക്തനായിരുന്നാലും- വേറെ മാർഗമില്ല.

ആറ് പേരാണ് ആധികാരിക ഹദീസ് സമാഹർത്താക്കളായി അറിയപ്പെടുന്നത്. ബുഖാരി, മുസ്‌ലിം, തിർമിദി, നസാഈ, ഇബ്നുമാജ, അബൂദാവൂദ് എന്നിവരാണവർ. ഇവരുടെ സമാഹാരങ്ങൾ 'ഏറ്റവും ആധികാരികമായ ആറ്' (സ്വിഹാഹുസ്സിത്ത) എന്ന് വിളിക്കപ്പെടുന്നു. ഇവരിൽ തന്നെ കൂടുതൽ അവലംബനീയം ബുഖാരി, മുസ്‌ലിം എന്നിവരുടെ സമാഹാരങ്ങളാണ്. ഹദീസ് നിവേദനം ചെയ്യുന്നതിൽ അവർ കാണിച്ച സൂക്ഷ്മതയാണ് ഇതിന് കാരണം. ഒരേ ഹദീസ് ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്യുന്നുവെങ്കിൽ 'ഇരുവരും ഒന്നിച്ച്' (മുത്തഫഖുൻ അലൈഹി) ഹദീസാണത്. ഹദീസുകളിൽ ഏറ്റവും ആധികാരികതയുള്ളത്. അത് സ്വീകരിക്കാൻ വിശ്വാസി ബാധ്യസ്ഥനുമാണ്.

ബുഖാരിയിലെ 707-ാം നമ്പർ ഹദീസ് ഇപ്രകാരമാണ്. അബൂഖതാദയിൽ നിന്ന്. നബി(സ) പറഞ്ഞു: "ഞാൻ നമസ്കാരം തുടങ്ങുന്നത് കുറേയധികം അത് ദീർഘിപ്പിക്കണം എന്ന ഉദ്ദേശ്യത്തോടെ ആയിരിക്കും. അപ്പോഴാണ് കുട്ടികളുടെ കരച്ചിൽ കേൾക്കുക. അപ്പോൾ ഞാൻ നമസ്കാരസമയം കുറക്കും. കുട്ടികളുടെ മാതാക്കൾക്ക് പ്രയാസമാകാതിരിക്കാൻ വേണ്ടി."

ബുഖാരിയിലെ 837-ാം ഹദീസ്. പ്രവാചകന്റെ ഭാര്യ ഉമ്മുസലമ പറയുന്നു: "പ്രവാചകൻ നമസ്കാരം അവസാനിപ്പിച്ചാൽ സ്ത്രീകൾ പെട്ടെന്ന് എഴുന്നേൽക്കും. പ്രവാചകൻ പിന്നെയും കുറച്ചു നേരം അവിടെ ഇരിക്കും."

ബുഖാരിയിലെ 873-ാം ഹദീസ്. സാലിമുബ്നു അബ്ദുല്ലയിൽനിന്ന്. പ്രവാചകൻ പറഞ്ഞു: "നിങ്ങളുടെയാരെങ്കിലും ഭാര്യ പള്ളിയിൽ പോകാൻ അനുവാദം ചോദിച്ചാൽ നിങ്ങളവരെ തടയരുത്."

ഉമറുബ്നുൽ ഖത്ത്വാബ് വ്യക്തിപരമായി സ്ത്രീകൾ പള്ളിയിൽ പോകുന്നത് ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും, പ്രവാചകന്റെ കൽപന മാനിച്ച് അവരെ തടയാറുണ്ടായിരുന്നില്ല എന്ന് ബുഖാരി ഉദ്ധരിച്ച മറ്റൊരു ഹദീസിൽ (നമ്പർ 900) കാണാം.

മുസ്‌ലിമിന്റെ 'സ്വഹീഹ് മുസ്‌ലിം' എന്ന ഹദീസ് സമാഹാരത്തിൽനിന്ന് ഉദ്ധരിക്കുന്നതും ഇവിടെ പ്രസക്തമാണ്. 'സ്ത്രീകളുടെ പള്ളിപ്രവേശം' എന്ന തലക്കെട്ടിൽ ചേർത്ത പ്രസ്തുത ഹദീസുകൾ ഇങ്ങനെ സംഗ്രഹിക്കാം:

1. സാലിം തന്റെ പിതാവിൽനിന്ന് ഉദ്ധരിക്കുന്നു. പ്രവാചകൻ പറഞ്ഞു: "നിങ്ങളുടെയാരെങ്കിലും ഭാര്യ പള്ളിയിൽ പോകാൻ അനുവാദം ചോദിച്ചാൽ അവളെ തടയരുത്."

2. ഇബ്നു ഉമറിൽനിന്ന്. അല്ലാഹുവിന്റെ പ്രവാചകൻ പറഞ്ഞു: "അല്ലാഹുവിന്റെ ദാസികളെ നിങ്ങൾ അവന്റെ പള്ളികളിൽനിന്ന് തടയരുത്."

3. ഇബ്നു ഉമർ ഒരിക്കൽ പറഞ്ഞു: പ്രവാചകൻ ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിരിക്കുന്നു: "നിങ്ങളുടെ സ്ത്രീകളെ പള്ളിയിൽ പോകുന്നതിൽനിന്ന് തടയരുത്." അപ്പോൾ ബിലാൽ പറഞ്ഞു: "അല്ലാഹുവാണ! ഞങ്ങൾ അവരെ തടയും." അപ്പോൾ അബ്ദുല്ല (ഇബ്നു ഉമർ) അദ്ദേഹത്തെ ശകാരിച്ചുകൊണ്ട് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതൻ പറഞ്ഞതാണ് ഞാൻ ഉദ്ധരിച്ചത്. എന്നിട്ടും തടയും എന്നാണോ നിങ്ങൾ പറയുന്നത്?"

മുകളിൽ ഉദ്ധരിച്ച ഹദീസുകളെല്ലാം (വിധിന്യായത്തിൽ മുസ്‌ലിമിൽനിന്ന് മാത്രമായി പത്ത് ഹദീസുകൾ എടുത്ത് ചേർത്തിട്ടുണ്ട്) വളരെ വിശ്വാസയോഗ്യമാണ്. സ്ത്രീകളെ പള്ളിയിൽ നമസ്കരിക്കാൻ അനുവദിക്കണമെന്ന് മാത്രമല്ല, അവർ പള്ളിയിൽ നമസ്കരിക്കുന്നത് തടയരുതെന്നു കൂടി ഈ നബിവചനങ്ങൾ സ്ഥാപിക്കുന്നു.

ഹനഫീ മദ്ഹബിലെ ഒരു ആധികാരിക നിയമഗ്രന്ഥമാണ് *ഫതാവാ അൽഹിന്ദിയ്യ*. ഇതിന് *ഫതാവാ ആലംഗീരി* എന്നും പേരുണ്ട്. മുഗൾ ചക്രവർത്തി ഔറംഗസീബിന്റെ കാലത്ത് ക്രോഡീകരിച്ചതുകൊണ്ടാണ് ഈ പേര്. ഇതിലെ പ്രാർഥനകളെക്കുറിച്ച അഞ്ചാം അധ്യായത്തിലെ മൂന്നാമത്തെ ശീർഷകം ഇപ്രകാരമാണ്: 'മറ്റുള്ളവർക്ക് ഇമാമായി നിൽക്കുന്നവനുവേണ്ട യോഗ്യതകളെക്കുറിച്ച വിവരണം.' അതിൽ ഇങ്ങനെ പറയുന്നു: 'വെള്ളിയാഴ്ച നമസ്കാരങ്ങളിൽ സ്ത്രീകൾക്ക് ഇമാമായിരിക്കേണ്ടത് പുരുഷന്മാർ തന്നെ എന്നതാണ് ശരി; ഇമാമായിരിക്കാൻ പുരുഷന്മാർക്ക് ഉദ്ദേശ്യമില്ലെങ്കിലും.' ജുമുഅ നമസ്കാരം പള്ളിയിൽ വെച്ച് മാത്രമാണ് നിർവഹിക്കപ്പെടുക. അതിനാൽ സ്ത്രീകൾക്ക് പള്ളിയിൽ നമസ്കാരം നിർവഹിക്കാൻ അനുവാദം കൊടുത്തിരിക്കുകയാണ് ഹനഫീ മദ്ഹബ്.

ശാഫിഈ മദ്ഹബിലെ പണ്ഡിതന്മാരുടെയും മറ്റു ഇമാമുമാരുടെയും പ്രസ്താവനകളും ഹരജിക്കാർക്ക് പിൻബലമേകുന്നവയാണ്. ഇമാം ശാഫിഈ തന്റെ *അൽഉമ്മ്* എന്ന ഗ്രന്ഥത്തിൽ (പേജ് 197), സ്ത്രീകൾ വെള്ളിയാഴ്ച നമസ്കാരത്തിന് പള്ളിയിൽ പോകുന്നതിനെ തടയാൻ പാടില്ലെന്ന് സമർഥിക്കുന്നു. സ്ത്രീപുരുഷന്മാർ ഇടകലരരുതെന്നും സ്ത്രീകൾക്ക് നമസ്കാരത്തിനായി പ്രത്യേക ഭാഗം നീക്കിവെക്കണമെന്നും നമസ്കാരത്തിന് വരുന്ന സ്ത്രീകൾ ആകർഷണീയമായ വസ്ത്രങ്ങൾ ധരിക്കരുതെന്നും സുഗന്ധങ്ങൾ ഉപയോഗിക്കരുതെന്നും അദ്ദേഹം തുടർന്ന് പറയുന്നു. പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകളാണിത്.

ഇങ്ങനെ, സ്ത്രീകൾ പള്ളിയിൽ വരുന്നത് നിരുപാധികം തടയണമെന്ന് ഒരു മദ്ഹബിന്റെ ഇമാമും പറഞ്ഞിട്ടില്ല. യുവതികളെ വരാൻ അനുവദിക്കരുതെന്ന് ചിലർ പറഞ്ഞിട്ടുണ്ട്. പക്ഷേ ഇത് പ്രവാചകാധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. പ്രവാചകൻ പറഞ്ഞതിനും അനുവദിച്ചതിനും അംഗീകരിച്ചതിനും വിരുദ്ധമായി ഒരു അഭിപ്രായം പറയാൻ പണ്ഡിതന്മാർക്കോ ഇമാമുമാർക്കോ അവകാശമില്ല.

സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ പ്രസിദ്ധീകരണമാണ് *അൽബയാൻ*. അതിന്റെ 1951 ജൂലൈ ലക്കത്തിൽ (പേജ് 289,290) 'ജുമുഅ നിസ്കാരം' എന്ന തലക്കെട്ടിൽ വന്ന കുറിപ്പിൽ, ജുമുഅയിൽ പങ്കെടുക്കുന്നവരോടൊപ്പം സ്ത്രീകൾക്ക് ളുഹ്ർ നമസ്കരിക്കാമെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അഹ്‌ലുസ്സുന്നത്തി വൽ ജമാഅഃയുടെ മുൻനിര പണ്ഡിതന്മാരുടെ സംഘടനയാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ.

മേൽ സൂചിപ്പിച്ച ഖുർആൻ-ഹദീസ് വചനങ്ങളിൽനിന്നും ശാഫിഈ-ഹനഫീ പണ്ഡിതന്മാരുടെ അഭിപ്രായങ്ങളിൽ നിന്നും സ്ത്രീകൾക്ക് പള്ളിയിൽ വെച്ച് നമസ്കാരം നിർവഹിക്കാൻ ഇസ്‌ലാം അനുവാദം നൽകുന്നു എന്നാണ് വ്യക്തമാകുന്നത്. സ്ത്രീകൾക്ക് ജുമുഅ നമസ്കാരങ്ങളിൽ പങ്കെടുക്കൽ നിർബന്ധമില്ല എന്നും പരാമർശിക്കപ്പെട്ടിരിക്കുന്നു. സ്ത്രീകൾക്ക് പള്ളിയിൽ പോകുന്നതിനുള്ള വിലക്കല്ല ഇത്; മറിച്ച് അവർക്ക് നൽകപ്പെട്ട ഒരു ഇളവാണ്.

കുടുംബത്തിന് ചെലവിന് നൽകേ

ണ്ട ബാധ്യത സ്ത്രീക്കല്ല എന്നത് ശരിയാണ്. ആ ബാധ്യത പുരുഷന്റേതാണ്. അതേസമയം സ്ത്രീകൾ വീടിന്റെ നാല് ചുമരുകൾക്കിടയിൽ ഒതുങ്ങിക്കൂടണം എന്നുമല്ല അതിന്റെ അർഥം. അവർ തൊഴിലിനും മറ്റാവശ്യങ്ങൾക്കും പുറത്തു പോകുന്നുണ്ട്. വീട്ടിലെ ഉത്തരവാദിത്വങ്ങൾ അവഗണിച്ചുകൊണ്ടാവരുത് ഇതെന്ന് മാത്രം. അവൾക്ക് യാത്ര ചെയ്യാം, കച്ചവടം നടത്താം. നിർബന്ധ നമസ്കാരങ്ങൾ അവൾക്കും ബാധ്യതയായതിനാൽ, യാത്ര ചെയ്യുമ്പോഴും തൊഴിലെടുക്കാൻ പോകുമ്പോഴും മറ്റും അവൾക്ക് നമസ്കാരം നിർവഹിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാവേണ്ടതുണ്ട്. ഇത്തരം സന്ദർഭങ്ങളിലും സ്ത്രീകൾക്ക് പള്ളി വിലക്കുന്നത് തെറ്റാണ്.

ജുമുഅ നമസ്കാരത്തിന് സ്ത്രീകൾ പങ്കെടുത്തുകൂടാ എന്ന് തെളിയിക്കാൻ വിദഗ്ധാഭിപ്രായങ്ങളൊന്നും എതിർകക്ഷികൾ സമർപ്പിച്ചിട്ടില്ല. അന്യായക്കാർ കൊണ്ടുവന്ന തദ്വിഷയകമായ ഖുർആൻ-ഹദീസ് പരാമർശങ്ങളെക്കുറിച്ച ചോദ്യങ്ങൾക്ക് എതിർകക്ഷികൾ ഒഴിഞ്ഞുമാറുകയോ അജ്ഞത നടിക്കുകയോ ആണ് ചെയ്തിട്ടുള്ളത്. എതിർ വിസ്താരത്തിൽനിന്നുള്ള ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നത് പ്രസക്തമായിരിക്കും:

***ചോദ്യം:*** *പ്രവാചകന്റെ കാലത്തും അനുചരന്മാരുടെ കാലത്തും സ്ത്രീകൾ പള്ളിയിൽ പോയിരുന്നു എന്നും സ്ത്രീകളെ പള്ളിയിൽ പോകുന്നതിനെ തടയരുത് എന്നും പറഞ്ഞിരുന്നില്ലേ?*

***ഉത്തരം:*** *സ്ത്രീകളെ തടയരുത് എന്ന് ഉണ്ട്. പ്രവാചകന്റെ ഭാര്യമാരും അദ്ദേഹത്തോടൊപ്പം പള്ളിയിൽ നമസ്കരിച്ചിരുന്നു. ഉമറിന്റെ ഭാര്യയും പള്ളിയിൽ നമസ്കരിച്ചിരുന്നു എന്നു പറഞ്ഞാൽ എനിക്കതേപ്പറ്റി അറിയില്ല.*

***ചോ:*** *സ്ത്രീകൾ പള്ളികളിൽ വന്ന് നമസ്കരിക്കുന്നതിനെ തടയുന്നത് പ്രവാചകചര്യക്ക് എതിരാണ് എന്നു പറയുന്നു?*

***ഉ:*** *(മറുപടിയില്ല).*

***ചോ:*** *ഹാജരാക്കിയ ഹദീസുകളെ സംബന്ധിച്ച് ഒന്നും അഭിപ്രായം പറയാൻ അറിയില്ലേ?*

***ഉ:*** *ബുഖാരി, മുസ്‌ലിം എന്നിവരുടെ ഹദീസുകളാണ് ഹാജരാക്കിയിരിക്കുന്നത്. അവരുടെ ഹദീസ് സംബന്ധിച്ച് മുസ്‌ലിം പണ്ഡിതർ ഏകകണ്ഠമായി അംഗീകരിക്കുന്നതാണ്. ബുഖാരി, മുസ്‌ലിം എന്നിവരുടെ ഹദീസുകളിൽ സ്ത്രീകൾക്ക് പള്ളിയിൽ നമസ്കരിക്കാം എന്നു പറയുന്നുണ്ട്. സ്ത്രീകൾക്ക് വീടാണ് ഉത്തമം എന്നും പറഞ്ഞിട്ടുണ്ട്. ഹോളി ഖുർആൻ 2:14-ൽ പള്ളിയിൽ പ്രാർഥന നടത്തുന്നവരെ തടയാൻ പറ്റില്ല എന്നാണ് വചനം. കരുവന്നൂർ ജമാഅത്ത് അംഗങ്ങൾ എന്ന നിലയിൽ സ്ത്രീകൾക്ക് പള്ളിയിൽ വന്ന് നമസ്കരിക്കാം എന്ന അവകാശം എവിടെയും രേഖപ്പെടുത്തിയിട്ടില്ല. മതപരമായി ഹോളി ഖുർആൻ കഴിഞ്ഞാൽ പ്രവാചകചര്യ ആണ് ഫോളോ ചെയ്യേണ്ടത്. തങ്ങളുടെ പള്ളിയിൽ സ്ത്രീകൾ ഇതേവരെ പ്രവേശിച്ചിട്ടില്ല. സുഊദി അറേബ്യയിൽ മക്ക, മദീന എന്നിവിടങ്ങളിൽ സ്ത്രീകൾ പ്രവേശിച്ച് നമസ്കാരം നിർവഹിക്കുന്നുണ്ട്. അവിടെ മതപരമായി യാതൊരു വിലക്കും ഇല്ല. വിദേശത്ത് പള്ളികളിൽ പല സ്ഥലത്തും സ്ത്രീകൾ വന്ന് നമസ്കാരം നിർവഹിക്കുന്നുണ്ട്. മതപരമായ കാര്യങ്ങൾ നിർവഹിക്കുന്നതിൽ പുരുഷന്നും സ്ത്രീക്കും യാതൊരു വേർതിരിവും ഖുർആൻ പറയുന്നില്ല.*

ഇരുനൂറ് വർഷമായി കരുവന്നൂർ പള്ളിയിൽ സ്ത്രീകളെ ജുമുഅക്ക് വരാൻ അനുവദിച്ച കീഴ്വഴക്കമില്ല എന്നാണ് എതിർകക്ഷി വാദിക്കുന്നത്. ജമാഅത്ത് കമ്മിറ്റി സ്ത്രീകൾ നമസ്കാരത്തിന് വരുന്നതിന് എതിരാണെന്നും അതേ അഭിപ്രായമാണ് ജനറൽ ബോഡിക്കുള്ളതെന്നും പറയുന്നു. ഖുർആനും സുന്നത്തും നമസ്കാരത്തിനായി പള്ളിയിൽ വരാൻ സ്ത്രീകളെ അനുവദിച്ചിരിക്കെ, പാരമ്പര്യത്തിന്റെ പേരിൽ ആ അവകാശത്തിന് തടയിടാൻ ഒരു വ്യക്തിക്കോ പൊതുസമിതിക്കോ സാധ്യമല്ല. ഇതുവരെ ചെയ്തുവന്ന തെറ്റായ കാര്യങ്ങൾ തിരുത്തുകയാണ് വേണ്ടത്. പള്ളിയിൽ മുഴുവൻ പുരുഷന്മാർക്കും സ്ഥലസൗകര്യം ഏർപ്പെടുത്തിയ ശേഷം, പിന്നെയും സ്ഥലമുണ്ടെങ്കിൽ സ്ത്രീകൾക്ക് നമസ്കാരത്തിന് സൗകര്യമൊരുക്കാം എന്ന വാദവും ന്യായമല്ല. പുരുഷന്മാർക്കുള്ളതുപോലെ തുല്യാവകാശമുണ്ട് സ്ത്രീകൾക്കും. സ്ഥലമില്ല പോലുള്ള ലളിതമായ കാരണങ്ങൾ പറഞ്ഞ് അതിന് തടയിട്ടുകൂടാ.

പ്രവാചകൻ ജീവിച്ച മക്കയിലെയും മദീനയിലെയും ജറൂസലമിലെയും ലോക പ്രശസ്ത പള്ളികളിൽ സ്ത്രീകൾക്ക് നമസ്കാരത്തിനായി കടന്നുവരാൻ അനുവാദമുണ്ട്. ഈ വിശുദ്ധ സ്ഥലങ്ങളിൽ യാതൊരു വിലക്കുകളും ഇല്ല. മേൽ വിവരിച്ച വിവിധ കാരണങ്ങളാൽ പുരുഷന്മാരെപ്പോലെ സ്ത്രീകൾക്കും നമസ്കാരത്തിനായി പള്ളിയിൽ വരാം എന്ന് ഞാൻ മനസ്സിലാക്കുന്നു. വിധി ഹരജിക്കാർക്ക് അനുകൂലമാണ്. ■